തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാർഡിയോളജിസ്റ്റിനെ നിയമിക്കുന്നതിന് നടപടി

49(1833) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുളംകുന്നത്ത്കാവിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിൽ എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട് ;

(ബി) ഈ വിഭാഗത്തിൽ കാർഡിയോളജിസ്റ്റ് ഇല്ലാതിരുന്നതുമൂലം ഗുരുതരാവസ്ഥയിൽ വന്ന പല രോഗികൾക്കും വേണ്ടത്രപരിചരണം ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ വിഭാഗത്തിൽ ഇപ്പോൾ കാർഡിയോളജിസ്റ്റിന്റെ സേവനം ലഭ്യമാണോ ; എങ്കിൽ ആരെ എന്നുമുതൽ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒ.പി. പരിശോധന, ഇൻപേഷ്യന്റ് ചികിത്സ, ട്രെഡ്മിൽ ടെസ്റ്റിംഗ്, പരിമിതമായ എക്കോ കാർഡിയോളജി എന്നീ സൗകര്യങ്ങൾ, ഇപ്പോൾ തൃശ്ശൂർ മെഡിക്കൽ കോളേജിലെ കാർഡിയോളജി ഡിപ്പാർട്ട്മെന്റിൽ ലഭ്യമാണ്.

(ബി) ഇല്ല.

(സി) ഈ വിഭാഗത്തിൽ ഇപ്പോൾ കാർഡിയോളജിസ്റ്റിന്റെ സേവനം ലഭ്യമാണ്. അസിസ്റ്റന്റ് പ്രൊഫസറായി ഡോ. കെ. എസ്. മോഹനനെ 18-10-2000-ലും ലക്ചററായി ഡോ: സി. പി. കരുണദാസിനെ 17-10-2000-ലും നിയമിച്ചു.

കണ്ണൂർ ജില്ലാ ആശുപത്രിയിൽ പേ വാർഡ് അനുവദിക്കാൻ നടപടി

50(1834) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലാ ആശുപത്രിയോടനുബന്ധിച്ച് കെ.എച്ച്.ആർ. ഡബ്ല്യു. എസ്.ന്റെ വാർഡിൽ എത്ര മുറികൾ ഉണ്ട് ; ഇതിന്റെ വാടക എത്ര രൂപയാണ് ;

(ബി) ഇവിടെ രോഗികൾക്ക് അഡ്മിഷൻ കൊടുക്കാൻ ഡോക്ടർമാർ തയ്യാറാവുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ ; പരാതിയിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) രോഗികൾക്ക് പേ വാർഡ് അനുവദിക്കുവാൻവേണ്ട നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly